പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5253 — 23-05-2017-ലെ മറുപടിയ്ക്ക്

## കർഷകർക്ക് മിതമായ നിരക്കിൽ കാർഷിക വായ്പകൾ ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ**<br>**ശ്രീ.കെ. രാജൻ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** കൃഷിയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ; | **(എ)** യുവജനങ്ങൾ, വനിതകൾ തുടങ്ങിയ സംരംഭകർക്ക് പ്രത്യേക ഊന്നൽ നൽകി പ്രോജക്ട് അടിസ്ഥാനത്തിൽ പുതിയ പദ്ധതികൾ തുടങ്ങുന്നതിനാവശ്യമായ സഹായങ്ങളും കാർഷിക കടങ്ങൾക്ക് പ്രത്യേക പലിശ നിരക്കും കൃത്യമായ തിരിച്ചടവിന് 3% അധിക പലിശയിളവും നൽകുന്നുണ്ട്. കർഷകത്തൊഴിലാളികളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി കാർഷിക യന്ത്രവത്ക്കരണത്തിന് ഊന്നൽ നൽകി കാർഷികോപകരണങ്ങൾ വാങ്ങുന്നതിനാവശ്യമായ ധനസഹായ തുക വിവിധ പദ്ധതികൾ മുഖാന്തിരം നൽകി വരുന്നു. അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന എന്നിവ മുഖേന നൈപുണ്യ പരിശീലനം നേടിയ തൊഴിലാളികളുടെ സേവനം മിതമായ നിരക്കിൽ കർഷകർക്ക് ലഭിക്കുന്നു. ഹൈ-ടെക് അഗ്രികൾച്ചർ തുടങ്ങിയ പദ്ധതികളിലൂടെ യുവതലമുറയെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നൂതന പദ്ധതിയായ പ്രത്യേക കാർഷിക മേഖല നടപ്പാക്കുന്നതോടുകൂടിയും കൂടുതൽ കർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുവാൻ വിഭാവനം ചെയ്യുന്നു. |
| **(ബി)** കർഷകർക്ക് മിതമായ നിരക്കിൽ കാർഷിക വായ്പകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കുമോ; | **(ബി)** ഹ്രസ്വകാല വിളകൾ കൃഷി ചെയ്യുന്നതിനും ദീർഘകാല വിളകളുടെ വാർഷിക പരിചരണ ചിലവിനും കൃഷി അനുബന്ധവൃത്തികളായ കാലിവളർത്തൽ തുടങ്ങിയവയുടെ വാർഷിക ആവർത്തന ചിലവിനും വ്യക്തിഗത കൃഷിക്കാർക്കും കർഷക കൂട്ടായ്മയായ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും സ്വന്തം കൃഷിയും പാട്ടകൃഷിയും ചെയ്യുവാനും ഹ്രസ്വകാല വായ്പകൾ ലഭ്യമാണ്. |

വിവിധ ദീർഘകാല വിളകൾ നടുന്നതിനും, ഭൂമി പരിചരണത്തിനും, കൃഷി അനുബന്ധ പ്രവൃത്തികൾ ചെയ്യുന്നതിനും കാർഷിക യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും ദീർഘകാല വായ്പകൾ ലഭ്യമാണ്.

ചെറുകിട നാമമാത്ര കർഷകർക്ക് മൂന്ന് ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് 7% പലിശയും കൃത്യമായ തിരിച്ചടവിന് 3% പലിശയിളവും നൽകി വരുന്നു.

**(സി)** കർഷകരെ സഹായിക്കുന്നതിനായി സംസ്ഥാനത്ത് കാൾസെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം ഫലപ്രദമാകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

**(സി)** ഉണ്ട്. 'കാർഷിക വിവര സങ്കേതം ഒരു വിരൽതുമ്പിൽ' എന്ന പേരിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിൽ ആനയറ കേന്ദ്രമാക്കി കോൾസെന്റർ പ്രവർത്തിക്കുന്നുണ്ട്. 1800-425-1661 എന്ന ടോൾഫ്രീ നമ്പറിലോ 9447051661 എന്ന വാട്ട്സ്ആപ്പ് നമ്പറിലോ കർഷകർക്ക് കോൾസെന്ററുമായി ബന്ധപ്പെട്ട് വിവരങ്ങൾ അറിയുവാൻ സാധിക്കുന്നതാണ്.

കേന്ദ്ര ഗവൺമെന്റിന്റെ കേരളത്തിനായുള്ള കോൾസെന്റർ 1800-180-1551 എന്ന ടോൾഫ്രീ നമ്പറിൽ ബാംഗ്ളൂരു ആസ്ഥാനമാക്കി പ്രവർത്തിക്കുന്നു.

കേരളത്തിന്റെ 'കാർഷിക വിവര സങ്കേതം ഒരു വിരൽതുമ്പിൽ' എന്ന കോൾസെന്ററിൽ 6 കോൾസെന്റർ എക്സിക്യൂട്ടീവ്മാരെ നിയമിച്ച് കൂടുതൽ കർഷകർക്ക് പ്രയോജനം ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**(ഡി)** പുതിയ കൃഷിരീതികൾ മനസ്സിലാക്കുന്നതിനായി തല്പരരായവർക്ക് വിദഗ്ധ പരിശീലനം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

**(ഡി)** പുതിയ കൃഷി രീതിയിൽ തല്പരരായ കർഷകർക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിനു കീഴിലുള്ള 5 പ്രാദേശിക കാർഷിക സാങ്കേതിക വിദ്യ പരിശീലന കേന്ദ്രങ്ങൾ, രണ്ട് കർഷക പരിശീലന കേന്ദ്രങ്ങൾ, ഓരോ റീജിയണൽ ബയോഗ്യാസ് ഡെമൊൺസ്ട്രേഷൻ & ട്രെയിനിംഗ് സെന്റർ, റീജിയണൽ ടെക്നോളജി ട്രെയിനിംഗ് സെന്റർ എന്നിവ മുഖേന വിവിധ കാർഷിക വിഷയങ്ങളിൽ പരിശീലനം നൽകുന്നുണ്ട്. കൂടാതെ കൃഷിഭവനുകൾ മുഖേനയും വിവിധ പദ്ധതികളുടെ ഭാഗമായി ആധുനിക കൃഷി രീതികളെക്കുറിച്ച് പരിശീലന പരിപാടികൾ നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**